**കേരളസർക്കാർ**
**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**
**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, അഞ്ചാം നില,**
**ശാന്തി നഗർ, തിരുവനന്തപുരം- 695001**

**വിജ്ഞാപനം**

**കീം-2022**

**ആയുർവേദ/ഹോമിയോ/സിദ്ധ/ഫാർമസി/മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം ഒന്നാം ഘട്ട താത്ക്കാലിക അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു**

2022 ലെ ആയുർവേദ/ ഹോമിയോ/ സിദ്ധ/ ഫാർമസി/ അഗ്രികൾച്ചർ/ ഫോറസ്ട്രി/ ഫിഷറീസ് / വെറ്ററിനറി /കോ ഓപ്പറേഷൻ & ബാങ്കിംഗ്/ ക്ലൈമറ്റ് ചെയ്ഞ്ച് & എൻവയൺമെന്റൽ സയൻസ്/ ബി.ടെക് ബയോടെക്നോളജി (കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ളത് ) കോഴ്സുകളിലേയ്ക്കുള്ള ഒന്നാം ഘട്ട താത്ക്കാലിക അലോട്ട്മെന്റ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചു. വിദ്യാർത്ഥികൾക്ക് **'KEAM 2022-Candidate Portal'** ലെ **'Provisional Allotment List'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് താത്ക്കാലിക അലോട്ട്മെന്റ് ലിസ്റ്റ് കാണാവുന്നതാണ്.

**18.11.2022 മുതൽ 22.11.2022 രാവിലെ 10.00 മണിവരെ** വിദ്യാർത്ഥികൾ നൽകിയ ഓൺലൈൻ ഓപ്ഷനുകളുടെ അടിസ്ഥാനത്തിലാണ് അലോട്ട്മെന്റ് തയ്യാറാക്കിയിട്ടുള്ളത്. കേരള ആരോഗ്യ സർവ്വകലാശാലയുടെ അഫിലിയേഷൻ ലഭിക്കാത്തത് മൂലം കോഴിക്കോട് KMCT ആയുർവേദ കോളേജിലെ BAMS സീറ്റുകളിലേക്കും തിരുവനന്തപുരം കേരള അക്കാദമി ഓഫ് ഫാർമസി, തൃക്കരിപ്പൂർ രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാർമസി എന്നീ കോളേജുകളിലെ ബി .ഫാം കോഴ്സിലേക്കും, കോഴിക്കോട് മർക്കസ് യുനാനി മെഡിക്കൽ കോളേജിലെ BUMS കോഴ്സിലേക്കും ഈ ഘട്ടത്തിൽ അലോട്ട്മെന്റ് നടത്തിയിട്ടില്ല.

താത്ക്കാലിക അലോട്ട്മെന്റ് ലിസ്റ്റ് സംബന്ധിച്ച സാധുവായ പരാതികളുണ്ടെങ്കിൽ പ്രവേശന പരീക്ഷാ കമ്മീഷണറുടെ **ceekinfo.cee@kerala.gov.in** എന്ന ഇമെയിൽ മുഖാന്തിരം **28.11.2022 ഉച്ചക്ക് 12**

**മണിക്കുള്ളിൽ** അറിയിക്കേണ്ടതാണ്. സാധുവായ പരാതികൾ പരിഹരിച്ച ശേഷമുള്ള അന്തിമ അലോട്ട്മെന്റ് **28.11.2022** – ന് പ്രസിദ്ധീകരിക്കുന്നതാണ്. അന്തിമ അലോട്ട്മെന്റ് പ്രകാരം അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിക്കുന്ന ഷെഡ്യൂൾ പ്രകാരം അലോട്ട്മെന്റ് ലഭിക്കുന്ന കോളേജിൽ ഹാജരായി പ്രവേശനം നേടേണ്ടതാണ്.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

Signature Not Verified
Digitally signed by INBASEKAR K IAS
Date: 2022.11.27 08:31:09 IST
Reason: Approved

തിരുവനന്തപുരം
27/11/2022

**പ്രവേശന പരീക്ഷാ കമ്മീഷണർ**